കൃഷി വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) കുട്ടനാടൻ പ്രദേശത്തു കുലവാട്ടം എന്ന രോഗം മൂലം പലയിടങ്ങളിലായി 200 ഹെക്ടർ പാടത്ത് വിളനാശം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി, സി) കുട്ടനാട്ടിന് അനുയോജ്യമല്ലാത്തതും പ്രതിരോധശക്തി ഒട്ടും ഇല്ലാത്തതുമായ "ടി. കെ. എം. 9" എന്ന ഇനം നെൽവിത്ത് അനധികൃതമായി വാങ്ങി ഉപയോഗിച്ചതുമൂലമാണ് കുലവാട്ടം എന്ന രോഗം ബാധിച്ച് കൃഷി നശിക്കാൻ ഇടയായത്. കൃഷി നാശത്തിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തി ആവശ്യമായ ആശ്വാസ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) താലൂക്കടിസ്ഥാനത്തിലുള്ള സ്ഥിതിവിവരക്കണക്കുകൾ വെച്ചുകൊണ്ടാണ് ഇപ്പോൾ ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. വില്ലേജടിസ്ഥാനത്തിൽ സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാകുമ്പോൾ പ്രശ്നം പരിഹരിക്കപ്പെടുന്നതാണ്.

അരി വിഹിതം

* 60. [64] ശ്രീ. സി. വാസുദേവ മേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രം സംസ്ഥാനത്തിന് ഇപ്പോൾ നൽകിവരുന്ന അരി വിഹിതം എത്രയാണ് ;

(ബി) ഈ വിഹിതം വർദ്ധിപ്പിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിരുന്നുവോ ;

(സി) എങ്കിൽ എത്ര വർദ്ധനവാണ് സംസ്ഥാനം ആവശ്യപ്പെട്ടത് ;

(ഡി) എങ്കിൽ കേന്ദ്രത്തിന്റെ പ്രതികരണമെന്തായിരുന്നു ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) സംസ്ഥാനത്ത് റേഷൻ വിതരണത്തിന് പ്രതിമാസം 125,000 ടൺ അരി കേന്ദ്രം നൽകുന്നുണ്ട്.

(ബി) ആവശ്യപ്പെട്ടിരുന്നു.

(സി) പ്രതിമാസം 150,000 ടൺ അരി വീതമെങ്കിലും നൽകണമെന്ന് സംസ്ഥാനം കേന്ദ്ര ഗവൺമെന്റിനോടാവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) റേഷൻ വിഹിതം തൽക്കാലം വർദ്ധിപ്പിക്കുവാൻ സാദ്ധ്യമല്ലെന്നും അരിയുടെ ലഭ്യത അനുസരിച്ച് സംസ്ഥാനത്തിന്റെ അപേക്ഷ പരിഗണിക്കാമെന്നും കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

റേഷൻഷോപ്പ്, മാവേലി സ്റ്റോർ എന്നിവ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില വർദ്ധനവ്

* 61. [65] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻഷോപ്പ് മുഖേനയും മാവേലി സ്റ്റോർ വഴിയും വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് ഈയിടെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ, ഇതിന്റെ കാരണമെന്ത് ;

(സി) എത്രയാണ് വർദ്ധിപ്പിച്ചിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly